നം: ഇഎ 2/50608/2012

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 20.12.2012.

## സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ – തയ്യാറാക്കൽ – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ഈ വകുപ്പിനുകീഴിലുള്ള പോളീടെക്നിക്ക് സ്ട്രീമിൽ വരുന്ന സ്ഥാപനങ്ങളിലെ ആഫീസർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടു താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി സമയബന്ധിതമായി അധികാരപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതിനും യഥാവിധി സൂക്ഷിക്കുന്നതിലും ഉദാസീനത വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ടതായ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വിട്ടുപോകുന്നതായും കാണുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ക്രമങ്ങൾ ഈ വകുപ്പ് 2007 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഹാൻഡ് ബുക്കിൽ കൊടുത്തിട്ടുണ്ട്. പേജ് 136 മുതൽ 141 വരെ കാണുക. ടി ഹാൻഡ്ബുക്കിന്റെ ഡിജിറ്റൽ കോപ്പി ഈ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

മേല്പറഞ്ഞവ കൂടാതെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനൊപ്പം, റിപ്പോർട്ട് ചെയ്യപ്പെടുന്ന ആഫീസർമാർ സമർപ്പിക്കുന്ന, സ്വയം വിലയിരുത്തൽ ( self appraisal ) പലപ്പോഴും അപര്യാപ്തമായും വികലമായും ആയിത്തീരുന്ന കാര്യവും കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത സ്വയം വിലയിരുത്തലിൽ നിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ആവശ്യമായ പ്രത്യവലോകനത്തിനുതകുന്ന ഒന്നും തന്നെ കിട്ടാതെയുമിരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഒരേകതാനത വരുത്തുന്നതിനായി Self appraisal ന് ഒരു പ്രത്യേക പ്രൊഫോർമ ഇനിമുതൽ നടപ്പിൽ വരുത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നു. ആയതു ഈ സർക്കുലറിനൊപ്പം ഉള്ളടക്കം ചെയ്യുന്നു. 2012 കലണ്ടർ വർഷം

മുതല്ക്കുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഈ വകുപ്പിലെ പോളിടെക്നിക്ക് സ്ക്കീമിൽ വരുന്ന, ലക്ചറർ / സമാനതസ്തികകൾ മുതൽ പ്രിൻസിപ്പൽ വരെയുള്ള ഓഫീസർമാർ സെൽഫ് അപ്രൈസൽ മേൽപ്പറഞ്ഞ നിശ്ചിത ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് ചെയ്യുന്ന ആഫീസർമാർ സി.ആർ തയ്യാറാക്കുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

ഓരോ കലണ്ടർ വർഷത്തേയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തുടർന്നുവരുന്ന ഫെബ്രുവരി മാസം ഒന്നാം തീയതിക്കുമുമ്പായി തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണെന്നുകൂടി ഇതിനാൽ അറിയിക്കുന്നു.

( ഒപ്പ് )
റ്റി. സാമുവൽ മാത്യു
സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്)

പകർപ്പ്;

1. എല്ലാ ഗവൺമെന്റ് പോളിടെക്നിക്ക് പ്രിൻസിപ്പൾമാർക്കും
2. ജോയിന്റ് ഡയറക്ടർ, കോതമംഗലം, കോഴിക്കോട് / സിഡി സെന്റർ കളമശ്ശേരി/ ജോയിന്റ് കൺട്രോളർ, പരീക്ഷാവിഭാഗം, കൈമനം തിരുവനന്തപുരം.
3. സി.എ റ്റു ഡയറക്ടർ / സി.എ. റ്റു സീനിയർ ജോയിന്റ് ഡയറക്ടർ
4. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം അയക്കുന്നത്

സീനിയർ സൂപ്രണ്ട്